# പതിമൂന്നാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

## നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.റ്റി. 1128 03.12.2015-ലെ മറുപടിക്ക്

## ഹയർസെക്കന്ററി താൽക്കാലിക അദ്ധ്യാപകരുടെ വേതനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ഇ. ചന്ദ്രശേഖരൻ | ശ്രീ.പി.കെ.അബ്ദു റബ്ബ്<br>(ബഹു.വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) ദിവസവേതനക്കാരായ ഹയർ സെക്കന്ററി അദ്ധ്യാപകർക്ക് നിലവിൽ നൽകിവരുന്ന വേതനം എത്രയാണെന്ന് വ്യക്തമാക്കാമോ; | (എ) ദിവസവേതനക്കാരായ ഹയർസെക്കന്ററി ജൂനിയർ അദ്ധ്യാപകർക്ക് 500 രൂപയും സീനിയർ അദ്ധ്യാപകർക്ക് 600 രൂപയുമാണ് നിലവിൽ ദിവസവേതനമായി നൽകി വരുന്നത്. |
| (ബി) ഹയർ സെക്കന്ററി സ്കൂളുകളുടെ അധ്യയന ദിവസം ആഴ്ചയിൽ അഞ്ചാക്കി ചുരുക്കിയത് ഇത്തരം അദ്ധ്യാപകരുടെ വേതനത്തെ ബാധിച്ചിട്ടുണ്ടോ; | (ബി) ഉണ്ട് |
| (സി) ഇവരുടെ വേതന വർദ്ധനവ് സംബന്ധിച്ച ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) ഉണ്ട് |
| (ഡി) ഗസ്റ്റ് അധ്യാപകരുടെ നിയമനം എംപ്ലോയ് മെന്റ് എക്സ്ചേഞ്ച് വഴി നടത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ? | (ഡി) പുതുതായി അനുവദിച്ച ഹയർസെക്കന്ററി ബാച്ചുകളിൽ അദ്ധ്യാപക തസ്തിക സൃഷ്ടിക്കാത്ത സാഹചര്യത്തിലോ, പി.എസ്.സി ലിസ്റ്റ് നിലവിലില്ലാത്ത സാഹചര്യത്തിലോ, പി.എസ്.സി അഡ്വൈസിന് കാലതാമസം നേരിടുമ്പോഴോ, അഡ്വൈസ് ചെയ്യപ്പെട്ട ഉദ്യോഗാർത്ഥികൾ ജോലിയിൽ പ്രവേശിക്കുവാൻ കാലതാമസം വരുകയോ മൂലം ഉണ്ടാകുന്ന ഒഴിവാക്കാനാവാത്ത സാഹചര്യത്തിലാണ് 14.08.2007-ലെ ജി.ഒ.(പി) നം.154/2007/പൊവിവ ഉത്തരവിലെ വ്യവസ്ഥകൾക്ക് വിധേയമായി ഹയർസെക്കന്ററി സ്കൂളുകളിൽ ദിവസവേതനാടിസ്ഥാനത്തിൽ അദ്ധ്യാപകരെ നിയമിക്കുന്നത്. ടി ഗസ്റ്റ് അദ്ധ്യാപകനിയമനം എംപ്ലോയ് മെന്റ് എക്സ്ചേഞ്ച് വഴി നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട് |

നടത്തുമ്പോൾ കാലതാമസം നേരിടും. കൂടാതെ ഇപ്രകാരം നിയമനം നടത്തുകയാണെങ്കിൽ ടി തസ്തികയുടെ ശമ്പള സ്കെയിൽ അനുസരിച്ച് വേതനം നൽകേണ്ടതായും വരും. ഇത് സർക്കാരിന് അധിക സാമ്പത്തിക ബാദ്ധ്യത ഉണ്ടാകും. നിലവിൽ ഗസ്റ്റ് അദ്ധ്യാപക നിയമനത്തിന് ദിവസവേതനം മാത്രമേ അനുവദിച്ചിട്ടുള്ളൂ. ആയതിനാൽ ഗസ്റ്റ് അദ്ധ്യാപക നിയമനം എംപ്ലോയ് മെന്റ് എക്സ്ചേഞ്ച് മുഖേന നടത്തുന്ന കാര്യം സർക്കാർ ആലോചിച്ചിട്ടില്ല.

സെക്ഷൻ ഓഫീസർ